# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2403 05.11.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ.യുടെ ചിട്ടിയിലുണ്ടാകുന്ന നഷ്ടം**

| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ നൂറുമാസ ചിട്ടിയിൽ പലപ്പോഴും കമ്പനിയ്ക്ക് പണം നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നൂറുമാസ ചിട്ടിയിൽ പലപ്പോഴും ചിറ്റാളന്മാർ കൊഴിഞ്ഞുപോകുമ്പോൾ കമ്പനിക്ക് നഷ്ടം സംഭവിക്കുന്നത് പരിശോധിക്കുമോ; | (ബി) | ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ ചിട്ടിയിൽ പണമടയ്ക്കുന്നതിൽ വീഴ്ച വരുത്താറുണ്ട്. എന്നാൽ ചിട്ടി പിടിച്ചെടുക്കുന്നതിനുള്ള സമയം വരുന്നതോടുകൂടി അവരിൽ നല്ലൊരു ഭാഗം, പിഴ പലിശയടച്ച് ചിട്ടിയിലെ കുടിശ്ശിക തീർക്കാറുണ്ട്. ചിട്ടിയിൽ മുടക്ക് തീർത്ത് തിരിച്ചുവരാൻ സാധ്യതയില്ലാത്ത ചിറ്റാളൻ മാരെ നിയമാനുസൃതമായി നീക്കം ചെയ്യാനും പകരം പുതിയ ഇടപാടുകാരെ ചേർക്കാനുമുള്ള അവസരം ചിട്ട് ഫണ്ട് ആക്ട് പ്രദാനം ചെയ്യുന്നുണ്ട്. ഇതനുസരിച്ച് നൂറുമാസ ചിട്ടികളിൽ അറുപത് മാസം വരെ, മുടക്കം വന്ന ചിട്ടികളിൽ പകരം ആളെ ചേർക്കുന്നതിന് ശാഖകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇത് മിക്ക ശാഖകളും സമയബന്ധിതമായി തന്നെ ചെയ്തു തീർക്കുന്നുമുണ്ട്. 60 മാസത്തിൽ അധികരിച്ച, മുടക്കം വന്ന ചിട്ടികളുടെ കാര്യത്തിൽ കെ.എസ്.എഫ്.ഇ തന്നെ, യഥാസമയം അത്തരം ചിട്ടികൾ ഏറ്റെടുക്കാറുണ്ട്. അത്തരം ചിട്ടികളിലെ അവകാശപ്പെട്ട ഡിവിഡന്റ് കമ്പനിയ്ക്ക് |

| | | | |
|---|---|---|---|
| | | | ലഭിക്കാറുമുണ്ട്. |
| (സി) | 2016 ജനുവരി മുതൽ കേരളത്തിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ ആരംഭിച്ച നൂറുമാസ ചിട്ടികളിൽ ഉണ്ടായ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; നിറുത്തി പോകുന്ന ചിറ്റാളന്മാർക്ക് പകരം പുതിയ ആളുകളെ ചിട്ടിയിൽ ചേർത്ത് കമ്പനിയ്ക്ക് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | 2016 ജനുവരി മുതൽ കേരളത്തിലെ എല്ലാ ബ്രാഞ്ചുകളിലുമായി ആരംഭിച്ച 2389 നൂറു മാസ ചിട്ടികളിൽ ചേർന്ന 238900 ഇടപാടുകാരിൽ 40920 വരിക്കാർ മുടക്കം വരുത്തിയിട്ടുണ്ട്. ഇത് 17.12% മാത്രമാണ്. സാധാരണ നിലയിൽ ഇത്തരത്തിൽ മുടക്കം വരുത്തുന്നവരിൽ ഭൂരിഭാഗവും മുടക്കു സംഖ്യ മുഴുവൻ തീർത്ത് ചിട്ടി തുടർന്ന് പോകാറുണ്ട്. ആ രീതിയിൽ ഈ 40920 പേരിൽ ഭൂരിഭാഗം പേരും ചിട്ടിയിൽ കുടിശ്ശിക തീർത്ത് ചിട്ടി വിളിച്ചെടുക്കാൻ സന്നദ്ധരായിട്ടുണ്ട്. അല്ലാത്തവരെ നിയമാനുസൃതം നീക്കം ചെയ്ത് പകരം പുതിയ ഇടപാടുകാരെ ചേർത്ത് ചിട്ടിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | കെ.എസ്.എഫ്.ഇ.യിൽ നിന്ന് സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിച്ച നിലവിലുള്ള ലോണുകൾ എത്ര; എന്നാണ് അനുവദിച്ചത് എന്നും തിരിച്ചടവിന്റെ രീതിയും വ്യക്തമാക്കുമോ; വലിയ തുക അനുവദിച്ചിരിക്കുന്നത് ഏതെല്ലാം ശാഖകൾ വഴിയാണ്; വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.എഫ്.ഇ നിലവിൽ പൊതുമേഖല സ്ഥാപനമായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 1520.69 കോടി രൂപയും , കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് T -777 ന് 7 .50 കോടി രൂപയും ലോൺ ആയി നൽകിയിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 1520.69 കോടി രൂപ (520 .69 കോടി രൂപ 15.12.2018 , 500 കോടി രൂപ 20.06.2019, 500 കോടി രൂപ 26.09.2019) ആണ് നൽകിയിട്ടുള്ളത്. കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് T -777 ന് ലോൺ നൽകിയത് 03.03.2018 -ലാണ്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ലോൺ അനുവദിച്ചിട്ടുള്ളത്, ആവശ്യപ്പെടുമ്പോൾ തിരിച്ചു നല്കാമെന്ന വ്യവസ്ഥയിലും, കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് 18 മാസ കാലാവധിയിലുമാണ് ലോൺ അനുവദിച്ചിരുന്നത്. ലോൺ അനുവദിച്ചിട്ടുള്ളത് കെ.എസ്.എഫ്.ഇ ഹെഡ് |

| | | | |
|---|---|---|---|
| | | | ഓഫീസ് മുഖേനയാണ്. |
| (ഇ) | കേരളത്തിലെ ഓരോ ബ്രാഞ്ചിലും 2016 ജനുവരി മുതൽ അനുവദിച്ച ഇൻസെന്റീവ് എത്ര; വ്യക്തമാക്കുമോ? | (ഇ) | കെ.എസ്.എഫ്.ഇ യിൽ 574 ബ്രാഞ്ചുകളും, 13 റീജിയണൽ ഓഫീസുകളും, 10 എസ്.ഡി.ടി ഓഫീസുകളും, ഒരു ഹെഡ് ഓഫീസും അടക്കം ആകെ 6630 ജീവനക്കാരാണുള്ളത്. 2016-2017 സാമ്പത്തികവർഷത്തിൽ 28.71 കോടി രൂപയും 2017-2018 സാമ്പത്തിക വർഷത്തിൽ 32.07 കോടി രൂപയും 2018-2019 സാമ്പത്തിക വർഷത്തിൽ 32.07 കോടി രൂപയും കമ്പനി ഇൻസെൻറീവ് ആയി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ